ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:31.01.2026**

### പ്രധാനവാർത്തകൾ

1. 2026-27 ലെ കേന്ദ്ര ബജറ്റ് ധനമന്ത്രി നിർമ്മല സീതാരാമൻ നാളെ ലോക്സഭയിൽ അവതരിപ്പിക്കും. ബജറ്റ് പ്രഖ്യാപനങ്ങൾക്ക് കാതോർത്ത് രാജ്യം.
2. വ്യവസായ സൗഹൃദ അന്തരീക്ഷത്തിൽ കേരളം ലോകത്തിന് മാതൃകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. അഞ്ചാം ലോക കേരള സഭയ്ക്ക് തിരുവനന്തപുരത്ത് സമാപനം.
3. സംസ്ഥാനത്ത് എസ് ഐ ആറിന്റെ ഭാഗമായി കരടു വോട്ടർ പട്ടികയിലുള്ള അനർഹരുടെ പേരു നീക്കം ചെയ്യുന്നതിന് പത്തൊമ്പത്തിനായിരത്തി അഞ്ഞൂറ്റി ഇരുപത്തി ഒന്ന് അപേക്ഷകൾ നേരിട്ട് ലഭിച്ചതായി തിരഞ്ഞെടുപ്പ് കമ്മീഷൻ.
4. കൊച്ചി കാൻസർ സെൻററിൻറെ ഉദ്ഘാടനം അടുത്ത മാസം 9 - ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.
5. സംസ്ഥാനത്ത് പ്രതിമാസ ബില്ലിംഗ് ഉപഭോക്താക്കൾക്ക് ഫെബ്രുവരിയിൽ ഇന്ധന സർചാർജ് ഉണ്ടാകില്ലെന്ന് കെ എസ് ഇ ബി.

RNU TVPM

6. **ഇന്ത്യ- ന്യൂസിലാൻഡ് ടി 20 ക്രിക്കറ്റ് പരമ്പരയിലെ അഞ്ചാം മത്സരം അൽപസമയത്തിനകം തിരുവനന്തപുരത്ത് ആരംഭിക്കും.**

&&&&&&&&&&&&&&&&&&

**<u>കേന്ദ്ര ബജറ്റ്</u>**

2026-27 ലെ കേന്ദ്ര ബജറ്റ് ധനമന്ത്രി നിർമ്മല സീതാരാമൻ നാളെ ലോക്സഭയിൽ അവതരിപ്പിക്കും. ലോക്സഭയിൽ അവതരിപ്പിച്ചതിനുശേഷം, ബജറ്റിൻറെ പകർപ്പ് രാജ്യസഭയിൽ മേശപ്പുറത്ത് വയ്ക്കും. കേന്ദ്രധനമന്ത്രിയായി ചുമതലയേറ്റതിനു ശേഷം ശ്രീമതി സീതാരാമൻ തുടർച്ചയായി അവതരിപ്പിക്കുന്ന ഒമ്പതാമത്തെ ബജറ്റാണിത്. കേന്ദ്ര ബജറ്റ് അവതരണത്തിന് ശേഷം രാജ്യത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നുള്ള മുപ്പതോളം കോളേജ് വിദ്യാർത്ഥികളുമായി ധനമന്ത്രി സംവദിക്കും.

&&&&&&&&&&&&&&&&&&

**<u>ഐ ജി പി - ഉത്തരവ്</u>**

രാജ്യത്ത് ഐജി ആയി നിയമിക്കപ്പെടുന്നതിന് എസ് പി, ഡിഐജി റാങ്കിലുള്ള ഐപിഎസ് ഉദ്യോഗസ്ഥർക്ക് രണ്ട് വർഷത്തെ സേവനപരിചയം നിർബന്ധമാക്കി കേന്ദ്രസർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. ഇതുസംബന്ധിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയം എല്ലാ സംസ്ഥാനങ്ങളുടെയും ചീഫ് സെക്രട്ടറിമാർക്ക് കത്തയച്ചു. 2011 ബാച്ച് മുതലുള്ള ഐപിഎസ് ഉദ്യോഗസ്ഥർക്ക് ഈ ഉത്തരവ് ബാധകമായിരിക്കും.

&&&&&&&&&&&&&&&&&&

**<u>മുഖ്യമന്ത്രി - ലോക കേരളസഭ</u>**

വ്യവസായ സൗഹൃദ അന്തരീക്ഷത്തിൻറെ കാര്യത്തിൽ കേരളം ലോകത്തിന് മാതൃകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. അഞ്ചാമത് ലോക കേരളസഭയുടെ സമാപന സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കാതലായ മാറ്റങ്ങളോടെയാണ് 2025-ൽ ഓവർസീസ് മൊബൈലിറ്റി

PIU TVPM

ഫെസിലിറ്റേഷൻ വെൽഫെയർ ബില്ല് പ്രസിദ്ധീകരിച്ചതെന്നും മുഖ്യമന്ത്രി അറിയിച്ചു. ഈ മാസം 29 ന് ആരംഭിച്ച ലോക കേരള സഭയുടെ അഞ്ചാം സമ്മേളനത്തിൽ 500 ലധികം പ്രവാസി പ്രതിനിധികൾ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

## പി. രാജീവ് (ഇൻട്രോ)

കൊച്ചി കാൻസർ സെൻററിൻറെ ഉദ്ഘാടനം അടുത്ത മാസം 9 ന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുമെന്ന് മന്ത്രി പി രാജീവ്. നാല് ബ്ലോക്കുകളിലായി നിർമ്മിച്ചിരിക്കുന്ന കാൻസർ സെൻറർ കേരളത്തിൽ ഹരിത ചട്ടം പാലിച്ചുള്ള ആദ്യ ആശുപത്രിയാണെന്നും മന്ത്രി വാർത്താസമ്മേളനത്തിൽ അറിയിച്ചു. (വോയ്സ്)

RNU TVPM

&&&&&&&&&&&&&&&&&&

## മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ - എസ്.ഐ.ആർ

സംസ്ഥാനത്ത് തീവ്ര വോട്ടർ പട്ടികാ പരിഷ്ക്കരണത്തിന്റെ ഭാഗമായി കരടു വോട്ടർ പട്ടികയിലുള്ള അനർഹരുടെ പേരു നീക്കം ചെയ്യുന്നതിന് 19,521 അപേക്ഷകൾ നേരിട്ട് ലഭിച്ചതായി തിരഞ്ഞെടുപ്പ് കമ്മീഷൻ. പേര് ഉൾപ്പെടുത്തുന്നതിന് പ്രവാസികളിൽ നിന്നടക്കം 11 ലക്ഷത്തി 66,456 അപേക്ഷകളും ലഭിച്ചു. അന്തിമ വോട്ടർ പട്ടിക അടുത്തമാസം 21 ന് പ്രസിദ്ധീകരിക്കും. കരടു വോട്ടർ പട്ടികയുമായി ബന്ധപ്പെട്ട അവകാശവാദങ്ങളും പരാതികളും സമർപ്പിക്കാനുള്ള സമയപരിധി അവസാനിച്ചെങ്കിലും പൊതുജനങ്ങൾക്ക് തുടർന്നും അപേക്ഷകൾ സമർപ്പിക്കാമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു. കേൽക്കർ അറിയിച്ചു.

&&&&&&&&&&&&&&&&&&

## കെ.എസ്.ഇ. ബി

സംസ്ഥാനത്ത് പ്രതിമാസ ബില്ലിംഗ് ഉപഭോക്താക്കൾക്ക് ഫെബ്രുവരിയിൽ ഇന്ധന സർചാർജ് ഉണ്ടാകില്ലെന്ന് കെ എസ് ഇ ബി. ദ്വൈമാസ ബില്ലിംഗ് ഉപഭോക്താക്കളിൽ നിന്നും യൂണിറ്റിന് 4 പൈസ മാത്രമായിരിക്കും ഇന്ധന സർചാർജ് ഈടാക്കുക. സർചാർജ് കുറഞ്ഞതിനാൽ ഫെബ്രുവരി മാസത്തെ വൈദ്യുതിബില്ലിൽ കുറവുണ്ടാകുമെന്നും കെ എസ് ഇ ബി അറിയിച്ചു.

&&&&&&&&&&&&&&&&&&

## മനുഷ്യ-വന്യജീവി സംഘർഷം - PTC-TVM (ഇൻട്രോ)

മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ 700 കാട്ടുപന്നികളെ കൊന്നതായി തദ്ദേശ സ്വയംഭരണ വകുപ്പ്. തിരുവനന്തപുരം ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ കളക്ട്രേറ്റിൽ നടന്ന യോഗത്തിലാണ് ഇക്കാര്യം അറിയിച്ചത്.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയാക്കോട്.....**

**(വോയ്സ്)**

PNUTVPM

&&&&&&&&&&&&&&&&&&

## മുണ്ടക്കൈ-ചൂരൽമല

വയനാട് മുണ്ടക്കൈ-ചൂരൽമല ദുരന്തബാധിതർക്കായി, കൽപ്പറ്റ എൽസ്റ്റൺ എസ്റ്റേറ്റിൽ നിർമ്മാണം പുരോഗമിക്കുന്ന ടൗൺഷിപ്പിലെ വീടുകളുടെ ആദ്യഘട്ട താക്കോൽ കൈമാറ്റം അടുത്ത മാസം 15 ന് ശേഷം നടക്കുമെന്ന് ജില്ലാ കളക്ടർ ഡി.ആർ മേഘശ്രീ. കളക്ടറേറ്റ് മിനി കോൺഫറൻസ് ഹാളിൽ നടന്ന യോഗത്തിൽ സംസാരിക്കുകയായിരുന്നു അവർ. ടൗൺഷിപ്പിൽ നിർമ്മാണം പൂർത്തിയാവുന്ന 178 വീടുകളാണ് ആദ്യഘട്ടത്തിൽ കൈമാറുന്നതെന്നും ജില്ലാ കളക്ടർ അറിയിച്ചു.

&&&&&&&&&&&&&&&&&&

## രാജീവ് ചന്ദ്രശേഖർ

സംസ്ഥാനത്തിൻറെ ദുർബലമായ സാമ്പത്തിക സ്ഥിതിയിൽ വെറും വാഗ്ദാനങ്ങൾ നിറഞ്ഞതായിരുന്നു ഇത്തവണത്തെ സംസ്ഥാന ബഡ്ജറ്റെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ. തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ 10 വർഷമായി സംസ്ഥാന സർക്കാർ ജനങ്ങളെ കബളിപ്പിക്കുകയാണെന്നും ശ്രീ രാജീവ് ചന്ദ്രശേഖർ ആരോപിച്ചു.

&&&&&&&&&&&&&&&&&&

## സ്വച്ഛതാ പക്വാട

സ്വച്ഛത പക്വാഡയുടെ ഭാഗമായി കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിന്റെ കീഴിലുള്ള സി ബി സി പാലക്കാടിന്റെ നേതൃത്വത്തിൽ കോട്ടക്കാട് സ്നേഹജ്വാല വൃദ്ധ സദനത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടന്നു. ദർശന സ്കൂൾ ഓഫ് മ്യൂസിക്കും എസ് എൻ മ്യൂസിക്കും സംയുക്തമായിയാണ് പരിപാടികൾ സംഘടിപ്പിച്ചത്.

RNU TVPM

&&&&&&&&&&&&&&&&&&

## സംസ്ഥാന ധനകാര്യ കമ്മിഷൻ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സംസ്ഥാന സർക്കാരിൽ നിന്നുള്ള ധനസഹായത്തെ മാത്രം ആശ്രയിക്കാതെ സ്വന്തം നിലയിലും വരുമാനം കണ്ടെത്തണമെന്ന് സംസ്ഥാന ധനകാര്യ കമ്മിഷൻ ചെയർമാൻ ഡോ.കെ എൻ ഹരിലാൽ. തദ്ദേശ ഭരണത്തിന്റെ ഭാവി സാധ്യതകൾ എന്ന വിഷയത്തിൽ സെൻറർ ഫോർ മാനേജ്മെൻറ് ഡെവലപ്മെന്റ് സംഘടിപ്പിച്ച പാനൽ ചർച്ചയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സ്വന്തം നിലയിൽ ഫണ്ട് കണ്ടെത്തുന്ന തദ്ദേശ സ്ഥാപനങ്ങൾക്ക് സർക്കാരിൻ്റെ ഭാഗത്തു നിന്ന് കൂടുതൽ പിന്തുണ ലഭ്യമാക്കണമെന്നും ശ്രീ കെ എൻ ഹരിലാൽ പറഞ്ഞു.

&&&&&&&&&&&&&&&&&&

## ക്രിക്കറ്റ്

ന്യൂസിലാൻഡിനെതിരായ ടി - 20 പരമ്പരയിലെ അഞ്ചാം മത്സരത്തിൽ ടോസ് നേടിയ ഇന്ത്യ ബാറ്റിംഗ് തിരഞ്ഞെടുത്തു. തിരുവനന്തപുരത്ത് കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിലാണ് മത്സരം. ഇതിനോടകം മൂന്ന് മത്സരങ്ങൾ വിജയിച്ച ഇന്ത്യ പരമ്പര സ്വന്തമാക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## മുന്നൊരുക്കം (ഇൻട്രോ)

സംസ്ഥാനത്ത് പാഠ്യപദ്ധതി പരിഷ്ക്കരണത്തെത്തുടർന്ന് പുതിയ പരീക്ഷാരീതികളും മാതൃകാ ചോദ്യങ്ങളും കുട്ടികളെ പരിചയപ്പെടുത്തുന്ന 'മുന്നൊരുക്കം ' പരീക്ഷാ സഹായി പരിപാടി കൈറ്റ് വിക്ടേഴ്സിൽ നാളെ മുതൽ ആരംഭിക്കും.

**വിശദാംശങ്ങളിലേക്ക്...**

(വോയ്സ്)

&&&&&&&&&&&&&&&&&&

## മുന്നൊരുക്കം (വോയ്സ്)

രാജ്യത്താദ്യമായി ഈ വർഷം റോബോട്ടിക്സ് പ്രായോഗിക പരീക്ഷ വരെ ഉൾപ്പെടുത്തി നടത്തുന്ന പത്താം ക്ലാസിലെ ഐസിടി പരീക്ഷ അടുത്ത മാസം 2 മുതൽ തുടങ്ങുന്ന പശ്ചാത്തലത്തിലാണ് ക്ലാസ് സംഘടിപ്പിക്കുന്നത്. ഇതിന് പുറമെ ഗണിതം , ഫിസിക്സ്, കെമിസ്ട്രി , ബയോളജി , ഹിന്ദി , ഇംഗ്ലീഷ്, സാമൂഹിക ശാസ്ത്രം, മലയാളം, ഭാഷാ വിഷയങ്ങൾ എന്നിങ്ങനെ ക്ലാസുകൾ മറ്റന്നാൾ മുതൽ ഫെബ്രുവരി 10 വരെ വൈകുന്നേരം 5.30 ന് കൈറ്റ് വിക്ടേഴ്സിൽ സംപ്രേഷണം ചെയ്യും. പുനഃസംപ്രേഷണം അടുത്തദിവസം രാവിലെ 8 നും ഉച്ചയ്ക്ക് 2 നും ഉണ്ടാകും. കൈറ്റ് വിക്ടേഴ്സിൻറെ വെബ് പോർട്ടലിലും മൊബൈൽ ആപ്പിലും മുന്നൊരുക്കം പരിപാടി തത്സമയം കാണാം.

**ന്യൂസ് ഡെസ്ക് ആകാശവാണി.....**

&&&&&&&&&&&&&&&&&&

RNU TVPM

## പോലീസ് - കൂട്ടയോട്ടം

റോഡ് സുരക്ഷ മാസാചരണത്തിന്റെ ഭാഗമായി കേരള പോലീസും ട്രാഫിക് റോഡ് സേഫ്റ്റി മാനേജ്മെൻറ് തിരുവനന്തപുരം ഈസ്റ്റ് റോട്ടറി ക്ലബും സംയുക്തമായി കൂട്ടയോട്ടം സംഘടിപ്പിച്ചു. തിരുവനന്തപുരം കവടിയാർ മുതൽ മാനവീയം വീഥി വരെ നടന്ന പരിപാടി DGP റവാഡ ചന്ദ്രശേഖർ ഫ്ളാഗ് ഓഫ് ചെയ്തു. റോഡ് സുരക്ഷ മാസാചരണത്തിന്റെ ഭാഗമായി തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളത്തിൻറെ നേതൃത്വത്തിൽ ബൈക്ക് റാലി സംഘടിപ്പിച്ചു. വിമാനത്താവളത്തിൽ നിന്ന് വിഴിഞ്ഞം തുറമുഖം വരെ നടത്തിയ റാലിയിൽ നൂറോളം ഉദ്യോഗസ്ഥർ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

## പത്തനംതിട്ട കേസ്

പത്തനംതിട്ട കോട്ടാങ്ങലിൽ യുവതിയെ ബലാൽസംഗം ചെയ്ത് കൊലപ്പെടുത്തിയ കേസിലെ പ്രതി നസീറിന് ജീവപര്യന്തം തടവ് ശിക്ഷ വിധിച്ച് ജില്ലാ അഡീഷണൽ സെഷൻസ് കോടതി. ബലാൽസംഗത്തിന് 10 വർഷവും, വീട്ടിൽ അതിക്രമിച്ചു കയറിയതിന് ഏഴുവർഷവുമാണ് ശിക്ഷ. 2019 ഡിസംബർ 15 നാണ് കേസിന് ആസ്പദമായ സംഭവം നടന്നത്.

KNU TVPM

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&